അങ്കണവാടികളുടെ എണ്ണം

341(1720) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ അങ്കണവാടികളുടെ എണ്ണം എത്രയാണ്;

(ബി) ഇവയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആകെ അങ്കണവാടികൾ-33114

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ -21830

ജില്ല	ആകെ അങ്കണവാടികളുടെ എണ്ണം	സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം
1	2	3
തിരുവനന്തപുരം	3061	1637
കൊല്ലം	2723	1588
പത്തനംതിട്ട	1389	713
ആലപ്പുഴ	2150	1003
കോട്ടയം	2050	1189
ഇടുക്കി	1561	1220
എറണാകുളം	2858	1726
തൃശ്ശൂർ	3016	2235
പാലക്കാട്	2835	2090
മലപ്പുറം	3808	2618
വയനാട്	874	690
കോഴിക്കോട്	2938	2102

LIBRARY ARCHIVES Kerala Legislative Assembly

1	2	3
കണ്ണൂർ	2503	1853
കാസർഗോഡ്	1348	1166
ആകെ	33114	21830

അശരണർക്കുള്ള ക്ഷേമ പദ്ധതികൾ

342(1721) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശരണരായ ജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സാമൂഹ്യ നീതി വകുപ്പ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും പദ്ധതിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) സാമൂഹ്യനീതി വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സാമൂഹ്യസുരക്ഷാ മിഷൻ

343(1722) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ സംസ്ഥാനതല ദിനാഘോഷം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ അത് എവിടെ വെച്ച് നടത്തി എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ദിനാഘോഷത്തിനു വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) സാമൂഹ്യസുരക്ഷാ മിഷൻ ആശ്വാസ കിരണം പദ്ധതിയുടെ ഭാഗമായി എത്ര രൂപ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly